

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

24 JANUARY 2020

28 JAMADI'UL AWWAL 1441 AH

# THE PROMISE OF ALLAH TO THE PROPHET & THE BELIEVERS (PT.3)

## പ്രവാചകനും വിശ്വാസികൾക്കും അല്ലാഹു(ത) നല്കുന്ന വാഗ്ദാനം (ഭാഗം3)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പ്രവാചകനും വിശ്വാസികൾക്കും അല്ലാഹു(ത) നല്കുന്ന വാഗ്ദാനം (ഭാഗം3)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അല്ലാഹു(ത)യുടെ അതിമഹത്തായ അനുഗ്രഹം എന്നല്ലാതെ മറ്റെന്തുപറയുവാനാണ്! അല്ലാഹു(ത)ഇതാ എന്നെ പ്രാപ്തനാക്കിയിരിക്കുന്നു, എന്നെ പടയങ്കി അണിച്ചിരിക്കുന്നു. ഭാഗ്യവും, ധൈര്യവും അറിവും നല്കി സജ്ജമാക്കിയിരിക്കുന്നു. ഈ വിഷയം നിങ്ങൾക്കായി, കൂടുതൽ വിവരണങ്ങൾ നല്കി വിശദീകരിക്കുന്നതിനായി! അങ്ങനെ നിങ്ങൾ ജീവിക്കുന്ന ഈ നൂറ്റാണ്ടിൽ, നിങ്ങൾക്ക് ഈ സന്ദേശം ലഭിച്ചില്ല എന്ന് പറയാതിരിക്കുവാനായി, ആരും ഇതിന്റെ വിശദീകരണം ഞങ്ങൾക്ക് നല്കിയില്ല എന്ന് പറയാതിരിക്കുവാനായി! അഥവാ ഈ വിഷയത്തെ സംബന്ധിച്ച് ആരും ഞങ്ങൾക്ക് വെളിച്ചം പകർന്നു തന്നില്ല എന്ന് പറയാതിരിക്കുവാനായി!

ആയതിനാൽ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, ഞാൻ പ്രസ്തുത ജോലി നിർവ്വഹിക്കുകയാണ്. പ്രസ്തുത ജോലി നിർവ്വഹിക്കുവാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹു(ത) അവൻ തന്നെയാണ് എനിക്കി കാര്യത്തിൽ മാർഗ്ഗദർശനം നല്കുന്നതും സംവിധാനമൊരുക്കുന്നതും, വളരെപ്രധാനപ്പെട്ട ഈ കാര്യത്തെകുറിച്ചുള്ള, ഈ സന്ദേശത്തെകുറിച്ചുള്ള അറിവ്

നിങ്ങൾക്ക് നല്കുന്നതിനായി! നാളെ നിങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമ്പോൾ, ഞങ്ങൾക്ക് ഇപ്രകാരം ഒരു സന്ദേശം ലഭിച്ചില്ല എന്ന് നിങ്ങൾ പറയാതിരിക്കുന്നതിനുവേണ്ടി! ആരും ഞങ്ങൾക്ക് ഇതൊന്നും പറഞ്ഞു തരുകയുണ്ടായില്ല എന്ന് നിങ്ങൾ പറയാതിരിക്കുന്നതിനു വേണ്ടി! അല്ലാഹു(ത) എന്നിൽ ഭരമേല്പിച്ച ജോലി ഞാൻ നിർവ്വഹിക്കുകയാണ്. ദൈവീക നിർദ്ദേശ പ്രകാരം ഞാനിത് നല്കുന്നു. ഇനി നിങ്ങളുടെ ഉത്തരവാദിത്വമാണ്, ഇത് സ്വീകരിക്കണമോ? അതോ തിരസ്ക്കരിക്കണമോ? എന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. ഇത് ഈ ദൈവീക നിർദ്ദേശം സ്വീകരിക്കണമോ അതോ തള്ളിക്കളയണമോ എന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. നിങ്ങളിൽ ഓരോരുത്തരും ഇതിന്റെ ഉത്തരവാദി ആയിരിക്കുന്നതാണ്. പുനരുത്ഥാന നാളിൽ, നിങ്ങൾ ഹാജരാക്കപ്പെടുമ്പോൾ, സൃഷ്ടാവിന്റെ മുമ്പിൽ ഇതിന്റെ കണക്ക് ബോധിപ്പിക്കേണ്ടി വരും. ഈ താത്ക്കാലിക ലോകത്ത് നാമെല്ലാം യാത്രക്കാരാണ്; നാമീ ലോകത്ത് താത്ക്കാലിക താമസിനെത്തിയവരാണ്. ആയതിനാൽ മരണാനന്തര ജീവിതത്തെക്കുറിച്ച് നാമല്പം ചിന്തിക്കേണ്ടതു തന്നെയാണ്. കാരണം, മരണശേഷമുള്ള ജീവിതമാണ്, നമ്മെ സംബന്ധിച്ചിടത്തോളം സ്ഥിരമായിട്ടുള്ളത്.

സൂറ: അന്നൂർ അധ്യായം 24:56 ഒരു വചനം ഞാൻ ഉദ്ധരിക്കുന്നു. അവിടെ അല്ലാഹു(ത) പറയുന്നു. അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്കായി അവൻ പ്രബലപ്പെടുത്തി കൊടുത്തു. അതുപോലെ സൂറ അൽമാഇദ യിൽ (5:4) ൽ അല്ലാഹു(ത) പറയുന്നു. ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കി തരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തികരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു. ഇതുകൊണ്ടർത്ഥമാക്കുന്നത്, അതായത് അല്ലാഹു(ത) മുന്നോട്ടു വെയ്ക്കുന്ന കാര്യം ഇതാണ്. എന്നിട്ട് ഒരവസാന പ്രഖ്യാപനം നടത്തുന്നതാണ്. ഇസ്ലാമിന് ശക്തിയും മഹത്വവും ഉണ്ടാകുന്നതാണ്. അതൊരു അനുഗൃഹീത വ്യവസ്ഥിതിയിലൂടെയാണ്, അത് അല്ലാഹുവിനാൽ സ്ഥാപിക്കപ്പെടുന്നതാണ്, അവന്റെ ദൈവീകാനുഗ്രഹം തുടർന്നും വന്നു കൊണ്ടിരിക്കുന്നതാണ്, അത് അവൻ തെരഞ്ഞെടുക്കുന്ന ദാസനിലൂടെയാണ്, അവന്റെ ഖലീഫത്തുല്ലാഹ്യിലൂടെയാണ്, അങ്ങനെ അവൻ തെരഞ്ഞെടുക്കുന്നതിലൂടെ(അഥവാ അവൻ തെരഞ്ഞെ

ടുക്കുന്നവരിലൂടെ) ഇസ്ലാം മതത്തെ ലോകമെങ്ങും വിജയം നേടുന്നതിന് അവന്‍ അനുവാദം നല്കുന്നതാണ്. കഴിഞ്ഞ രണ്ടു ജുംആ ഖുത്തുബകളിലൂടെ ഞാന്‍ നിങ്ങള്‍ക്കായി വിശദീകരിച്ചതുപോലെ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഈ വിത്ത്, ഇസ്ലാമിന്റെ വിത്തിട്ടിരിക്കുകയാണ്, തുടര്‍ന്ന് ഇതിനൊരു തുടര്‍ പ്രവര്‍ത്തനം അനിവാര്യമാണ്, മഹാനും സമ്പൂര്‍ണ്ണനുമായ ഈ വ്യക്തി ചെയ്തതുപോലെയുള്ള തുടര്‍ പ്രവര്‍ത്തി, അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പ്രചരിപ്പിച്ചതുപോലെ! അദ്ദേഹം ഇസ്ലാമിന്റെ വിത്തിട്ടു. എന്നാല്‍ ഇന്ന് എന്താണ് സംഭവിച്ചിരിക്കുന്നത്? മുസ്ലിംകള്‍ക്ക് ഇന്ന് എന്താണ് സംഭവിച്ചിരിക്കുന്നത്? ഇസ്ലാമിന്റെ യഥാര്‍ത്ഥ അധ്യാപനങ്ങള്‍ ഇന്നെവിടെപോയി? നമ്മുടെ പ്രിയ പ്രവാചകന്‍ മുഹമ്മദ് മുസ്തഫ(സ) പറഞ്ഞത് നിഷ്ഫലമായി പോവുകയില്ല. വിശിഷ്യാ വിശുദ്ധ ഖുര്‍ആനില്‍ പറയപ്പെട്ട വചനം, ഈ വിഷയം സംബന്ധമായി പറയപ്പെട്ട വചനം ഒരിക്കലും നിഷ്ഫലമാവുകയില്ല. അതില്‍ അല്ലാഹു(ത) പറയുന്നു. അവരോടൊപ്പം ചേര്‍ന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും (62:4)

ഈ വചനം നോക്കൂ! ഒരു വലിയ പ്രവചനം, അതില്‍ അടങ്ങി കിടക്കുകയാണ്. ചിലപ്പോള്‍ ചിലര്‍ ഹസ്രത് മുഹമ്മദ് മുസ്ത(സ)യുടെ ദൗത്യത്തെയും ഇസ്ലാമിന്റെ അധ്യാപനങ്ങളെയും ചോദ്യം ചെയ്തേക്കാം. അവസാന നാളുകളില്‍! എപ്പോഴൊക്കെ ഇസ്ലാമിന്റെ യഥാര്‍ത്ഥ അധ്യാപനങ്ങള്‍ പരിഹസിക്കപ്പെടുമോ അപ്പോഴൊക്കെ അല്ലാഹു(ത) (അപ്പോള്‍) ഒരു സാക്ഷിയെ ഉയര്‍ത്തുന്നതാണ്; ശരിയായ ഇസ്ലാമിനെ സംരക്ഷിക്കുവാനായി. അതായത് ഇസ്ലാമിന്റെ പ്രാമാണ്യകതയെ സംരക്ഷിക്കുന്നതിനായി. ഈ ഖുര്‍ആനിക വചനം അവതരിക്കപ്പെട്ടപ്പോള്‍ ഹസ്രത് മുഹമ്മ് മുസ്തഫ(സ) ഇത് നമുക്ക് മനസ്സിലാക്കി തരികയുണ്ടായി, അദ്ദേഹം പറഞ്ഞു ഈമാന്‍ സുറയ്യ നക്ഷത്രത്തിലേക്ക് ഉയര്‍ന്നു പോയാലും ശരി, ഇവരില്‍ നിന്നും ഒരാള്‍ അത് തിരികെ കൊണ്ടു വരുന്നാണ്, ബുഖാരി കിതാബ് തഫ്സീര്‍.

ഈ വാക്കുകള്‍ പ്രവാചകന്‍(സ) പറയുമ്പോള്‍, അദ്ദേഹം തന്റെ കയ്യ് സല്‍മാന്‍ ഫാരിസിയുടെ തോളില്‍, വെയ്ക്കുകയുണ്ടായി. സല്‍മാന്‍ ഫാരിസി ഒരു പേര്‍ഷ്യക്കാരനായിരുന്നു. ഈ പ്രവചനം, കഴിഞ്ഞ നൂറ്റാണ്ടിലെ മസീഹായ ഹസ്രത് മിര്‍സാഗുലാം അഹ്മദ് (അ)ന്റെ കാലത്ത് സത്യമായി പുലരുകയുണ്ടായി. എന്നാല്‍ പ്രസ്തുത പ്രവചനം അവിടം കൊണ്ടവസാനിക്കുന്നതല്ല. അത് ഈ നൂറ്റാണ്ടിലും ഇത് തുടര്‍ന്നും ബോധ്യമാകുന്നതാണ്. അത്

ഈ വിനീതന്റെ ആഗമനത്തിലൂടെയാണ്, ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു(ത) എന്നെ ഉയർത്തിയതിലൂടെ! മഹാനായ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ ജോലിയുടെ തുടർച്ചയ്ക്കായി അല്ലാഹു(ത) ഉയർത്തിയ ഒരു വിനീത ദാസനാണ് ഞാൻ. ഞാൻ പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ(സ)യിലും ആദരണീയരായ വാഗ്ദത്തമസീഹിലും ദൃഢമായി വിശ്വസിക്കുന്ന ആളാകുന്നു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ഉമ്മത്തിന് പുറത്തുള്ള ഒരാൾക്ക് മസീഹ് മൗഊദ് ആണ് എന്ന് വാദിക്കാൻ കഴിയാത്തതുപോലെ ഈ വിനീതനായ ദൈവദാസന്, ഖലീഫത്തുല്ലാഹ്യ്ക്കു ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഉമ്മത്തിനു പുറത്തുള്ള ആളായോ ഹസ്രത് വാഗദത്ത മസീഹിന്റെയോ ഉമ്മത്തിന് പുറത്തുള്ള ഒരാളായോ വാദിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നവീകരിക്കുന്നതിന്, അല്ലാഹു(ത)യുടെ ഈ തെരഞ്ഞെടുപ്പ്, ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ സമുദായത്തിനു പുറത്തുള്ളതോ, ഹസ്രത് മൗസീഹ് മൗഊദ് (അ)ന്റെ സമുദായത്തിന് പുറത്തുള്ള ഒരാളിൽ നിന്നോ ഉണ്ടാകാവതല്ല. തെരഞ്ഞെടുക്കപ്പെടുന്ന പ്രസ്തുത വ്യക്തി ഇവർ ഇരുവരിലും ദൃഢവിശ്വാസമുള്ളവരായിരിക്കണം. ഒന്നാമത്തേത് ഖാത്തമുന്നബിയ്യീൻ എന്ന നിലയിലും രണ്ടാമത്തേത് ഖാതമുൽഖുലഫാഉ എന്ന നിലയിലും! ഹസ്രത് മസീഹ് മൗഊദ്(അ) ന്റെ ആഗമനത്തിനു പോലും യാതൊരു വിലയുമുണ്ടായിരിക്കില്ല; അദ്ദേഹം നബി കരീം ഹസ്രത് മുഹമ്മദ് (സ)യുമായി ചേർന്നു നില്ക്കാത്തിടത്തോളം കാലം!

ഞാൻ മുകളിൽ പറഞ്ഞ ഹദീസുകൾ പരിശോധനാ വിധേയമാക്കുമ്പോൾ, ഹസ്രത് അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറയുന്നു. ഈമാൻ ഭൂമിയിൽ നിന്നും അപ്രത്യക്ഷമായാൽ പോലും, എന്നിട്ടത് സുറയ്യ: നക്ഷത്രത്തിൽ കരേറി പോയാലും ശരി! (പ്രവാചകൻ(സ)യുടെ ഈ വചനത്തിൽ നിന്നും ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തരികയാണ്) അല്ലാഹു(ത) ഒരാളെ അഥവാ അനേകം ആളുകളെ നിയോഗിക്കുന്നതാണ്. പ്രസ്തുത ഈമാനെ അവിടെ നിന്നും മടക്കി ഭൂമിയിലേക്ക് കൊണ്ടു വരുന്നതിനായി.

അതുകൊണ്ട് നിങ്ങൾ അല്പമൊന്നു ചിന്തിക്കു, ഈമാൻ ഇപ്പോൾ എങ്ങനെ?യാണ് എന്നാലോചിക്കൂ! എങ്ങനെയാണ്

അത് ചവിട്ടിമെതിക്കപ്പെട്ടിരിക്കുന്നതെന്ന് ആലോചിക്കൂ! അപ്പോൾ അവന്റെ അധ്യാപനങ്ങൾ ചവട്ടിമെതിക്കപ്പെടുമ്പോൾ, അതിനെ നവീകരിക്കുവാൻ അല്ലാഹു(ത) ആളെ നിയോഗിക്കേണ്ടതല്ലേ? തീർച്ചയായും ഈ ദൈവീക വ്യവസ്ഥിതി നിലനില്ക്കുന്നതാണ്. അവന്റെ തെരഞ്ഞെടുത്ത ദാസന്മാർ ഇതിനായി നിയോഗിക്കപ്പെടുന്നതാണ്. അവന്റെ ഖലീഫത്തുല്ലാഹ്മാർ വന്നു കൊണ്ടിരിക്കും. അവർ അവരുടെ മഹത്വവും പ്രതാപവും വെളിപ്പെടുത്തുന്നതാണ്, കാരണം അവരെ, അവൻ അല്ലാഹു(ത) താൻ തന്നെയാണ് തെരഞ്ഞടുത്തതും നിയോഗിച്ചതും!

പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെയടുക്കൽ എന്നിൽ നിന്നുള്ള മാർഗ്ഗദർശനം വരികയാണെങ്കിൽ, അപ്പോൾ ആർ എന്റെ മാർഗദർശനത്തെ പിന്തുടരുന്നവോ അവർക്ക് യാതൊരു ഭയവുമുണ്ടാകുന്നതല്ല; അവർ വ്യസനിക്കുന്നതുമല്ല (2:39)

വിശുദ്ധഖുർആനിലെ മറ്റൊരുവചനത്തിൽ അല്ലാഹു(ത) പറയുന്നു. സന്മാർഗവും സത്യമതവും കൊണ്ട് തന്റെ ദൂതനെ അയച്ചവനത്രെ അവൻ; ആ മതത്തെ മറ്റെല്ലാ മതങ്ങളുടെയും മേൽ അവൻ വിജയിപ്പിക്കുന്നതിനുവേണ്ടി ബഹുദൈവവിശ്വാസികൾ അതു വെറുത്താലും ശരി (9:33)

കാര്യം വ്യക്തമാണ്, ഇതിനേക്കാൾ വലിയൊരു വിശദീകരണവും ആവശ്യമില്ല. അതായത്, അല്ലാഹു(ത) താൻ, അവൻ തന്നെയാണ് അവന്റെ ദൂതനെ അയയ്ക്കുന്നത്, സന്മാർഗവുമായി (ദൈവീക മാർഗദർശനവുമായി) യഥാർത്ഥ മതത്തിന്റെ യഥാർത്ഥ അധ്യാപനങ്ങളെ നവീകരിക്കുന്നതിനായി, അതാണ് സത്യമായ മതം, സഹിഹീൽ ഇസ്ലാം.

ഞാൻ ഉദ്ധരിച്ച ഈ രണ്ടു വചനങ്ങളിൽ ഒരു സന്ദേശമുണ്ട്, അതോടൊപ്പം ഒരു മുന്നറിയിപ്പുമുണ്ട്. ഈ ദൈവീക വ്യവസ്ഥിതിയിൽ നിന്നും നിങ്ങൾ സ്വയം വേർപ്പെട്ടുപോയാൽ, സന്മാർഗവും ആയി അല്ലാഹു(ത) അയച്ച അവന്റെ ദൂതനിൽ നിന്നും നിങ്ങൾ അകന്നുപോയാൽ നിങ്ങൾക്ക് ദൈവീകാനുഗ്രഹങ്ങൾ ലഭിക്കുക എന്നത് അസാധ്യമാണ്, അഥവാ വിജയം, പുരോഗതി ഉണ്ടാവുക എന്നതും അസാധ്യം തന്നെ. ഈ വിശദീകരണം മുകളിൽ പരാമർശിതമായ വചനങ്ങളിലടങ്ങിയിരിക്കുന്നു. അത് സമ്പൂർണ്ണമായും വ്യക്തവുമാണ്. ഇത് അല്ലാഹുവിന്റെ വാക്കാണ് വിജയവും അഭിവൃദ്ധിയും, അല്ലാഹു(ത) തെരഞ്ഞെടുത്ത് നിയോഗിച്ച അവന്റെ

സന്ദേശവും മാർഗ്ഗദർശനവുമായി, വന്ന് യഥാർത്ഥ മതത്തെ വ്യാപിഷിക്കുന്നതിനുള്ള വൃത്തത്തിൽ നിലയുറപ്പിച്ചിട്ടുള്ളവർക്കുള്ളതാണ്. ആരാണോ ധാർഷ്ഠ്യത്തോടെ, അഹംഭാവത്തോടെ അല്ലാഹു(ത) നിയോഗിച്ച ആളിൽ നിന്നും പിന്തിരിഞ്ഞു പോകുന്നത്, അവൻ അവന്റെ നാശത്തിലേക്കാണ് പോകുന്നത്. അവന് ഈ ലോകത്തും നഷ്ടം സംഭവിക്കും പരലോകത്ത് പൂർണ്ണനിലയിലും നഷ്ടത്തിലായിരിക്കും.

1400 വർഷത്തോളമുള്ള ഇസ്ലാമിന്റെ ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഖുലഫാഉർറാഷിദീന്റെ യഥാർത്ഥമായ വ്യവസ്ഥിതി നിലനിന്നിടത്തോളം കാലം, ഇസ്ലാം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കും വിജയത്തിലേക്കും കുതിക്കുകയുണ്ടായി. ദൗർഭാഗ്യവശാൽ മുസ്ലിംകൾ തങ്ങളുടെ മോശം പ്രവർത്തനങ്ങളാൽ, ഈ അനുഗ്രഹം അവരിൽ നിന്നും അകന്നു പോയി. വിജയത്തിന്റെയും സമൃദ്ധിയുടെയും, സൂര്യൻ അവരിൽ അസ്തമിച്ചു. ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ വഫാത്തിനു ശേഷം അല്ലാഹു(ത) അവർക്ക് അത്തരത്തിലുള്ള അതിമഹത്തായ പിൻഗാമികളെ സമ്മാനിച്ചു. അവർ മുസ്ലിം സമുദായത്തെ വിജയത്തിൽ നിന്നും വിജയത്തിലേക്ക് നയിച്ചു. കാരണം മുസ്ലിം വിശ്വാസികൾ ഐക്യത്തോടെ വർത്തിച്ചു. ഏകദൈവത്തിൽ അവർ ഉറച്ചു വിശ്വസിച്ചു. മുഹമ്മദ് മുസ്തഫ(സ)യുടെ അധ്യാപനങ്ങളെ അവർ ഉറപ്പായും നടപ്പാക്കി.

അല്ലാഹുവിനാൽ മാർഗദർശനം നല്കപ്പെട്ട ഈ ഖലീഫമാരുടെ കാലഘട്ടം 30വർഷം പിന്നിട്ടതോടെ അവസാനിച്ചു. ഇസ്ലാമിന്റെ മഹത്വം അറേബ്യയിൽ മാത്രമല്ല, ലോകത്തിന്റെ മറ്റിതരഭാഗങ്ങളിലും അവർ എത്തിച്ചു. വിശ്വാസി സമൂഹത്തിന് അല്ലാഹു(ത) ഒരു വാഗ്ദാനം നല്കിയിട്ടുണ്ട്, ഒരു വ്യവസ്ഥയോടെയാണ് ആ വാഗ്ദാനം നല്കിയിരിക്കുന്നത്. സൂറഃആലുഇംറാനിൽ (3:140) അല്ലാഹു(ത) പ്രസ്തുത വാഗ്ദാനം ഇപ്രകാരം നല്കിയിരിക്കുന്നു. നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെ ആയിരിക്കും വിജയിക്കുന്നത്. അതായത് നിങ്ങൾ (മുസ്ലിംകൾ) വിജയശ്രീലാളിതരാകുന്നത് നിങ്ങൾ നിങ്ങളുടെ ഇസ്ലാമിനെ കയ്യൊഴിയാതിരിക്കുകയാണെങ്കിൽ മാത്രമാണ്.

ഈ വാഗ്ദാന പ്രകാരം മുസ്ലിംകൾ എല്ലാ പ്രദേശങ്ങളിലും സ്ഥലങ്ങളിലും വിജയങ്ങൾ നേടിയിട്ടുണ്ട്. ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ വഫാത്ത് വളരെ നിർണ്ണായകമായ ഒരു സംഭവം തന്നെ ആയിരുന്നു. ഖിലാ

ഫത്തുർറാഷിദീൻ വ്യവസ്ഥിതി സ്ഥാപിതമായ ശേഷം ഇസ്ലാമിന്റെ കൊടി വളരെ പെട്ടെന്ന് ഉയർത്തപ്പെടുകയായിരുന്നു. അഫ്ഗാനിസ്ഥാൻ, ചൈന, ട്രിപ്പോളി, ഈസ്റ്റ് ആഫ്രിക്ക, കാസ്പിയൻകടൽ, എത്തിയോപ്പിയ തുടങ്ങിയ കിഴക്കും പടിഞ്ഞാറും തെക്കും വടക്കും രാജ്യങ്ങളിലേക്ക് ഇസ്ലാം പടർന്നുകയറുകയായിരുന്നു.

അല്ലാഹു(ത)യുടെ അംഗീകരാത്തിലൂടെയും മാർഗദർശനത്തിലൂടെയും, (ദൈവീകമാർഗ്ഗദർശനത്തിലൂടെ) ഈ ഖലീഫമാർ നേടിയ ഈ വിജയങ്ങൾ, ഈ പുരോഗതി ഇന്നും ലോകത്തെ അത്ഭുതപ്പെടുത്തുന്നതാണ്.

ഇത് ഇസ്ലാമിന്റെ വളർച്ചയുടെ കാലഘട്ടമായിരുന്നു. മുസ്ലിംകളെ തടഞ്ഞു നിർത്തുവാൻ വളരെ വലിയ എതിരാളികൾക്കു പോലും കഴിഞ്ഞില്ല എന്നത് ചരിത്രമാണ്. ഇസ്ലാമിന്റെ മഹത്വം അതായിരുന്നു. മുസ്ലിംകളോടുള്ള ആദരവ് അപ്രകാരമായിരുന്നു. വലിയ സാമ്രാജ്യങ്ങളും ചക്രവർത്തിമാരും മുസ്ലിംകളുടെ പേരുകൾ കേൾക്കുമ്പോൾ തന്നെ വിറച്ചിരുന്നു. (അതായത് പ്രസ്തുത മുസ്ലിംകൾ) അവർ അവരോട് അഗാധമായ ആദരവ് പ്രകടിപ്പിക്കുകയുണ്ടായി. അവരുടെ പേര് പറയുമ്പോൾ തന്നെ അവർ ആദരവോടെ പെരുമാറിയിരുന്നു. സത്യം ഇതാണ്, ഈ കാലഘട്ടത്തിൽ, മാർഗദർശനം നല്കപ്പെട്ട ഖലീഫമാരിലൂടെ ഇസ്ലാമിന് വളരെ വലിയ ബഹുമതികൾ ലഭിക്കുകയുണ്ടായി. നിഷ്പക്ഷരായ ചരിത്രകാരന്മാർക്കു ഇന്നും പ്രസ്തുത ചരിത്രത്തെ അവലോകനം ചെയ്യുകയാണെങ്കിൽ അങ്ങനെ മാത്രമെ പറയുവാൻ കഴിയുകയുള്ളു. ഈ മരുഭൂവാസികൾ എങ്ങനെ ഈ ലോകത്തെ ആക്രമിച്ചു കീഴടക്കി എന്ന് അവർക്ക് മനസ്സിലാകില്ല. മാർഗദർശനം ചെയ്യപ്പെട്ട ഖലീഫമാരുടെ പ്രവർത്തനഫലങ്ങളാണ് ഇവ എന്നും അവർക്ക് മനസ്സിലാകില്ല. അല്ലാഹു(ത) അവന്റെ ദൂതനെ മാർഗദർശനവുമായി നിയോഗിക്കുമ്പോൾ അദ്ദേഹം പറയുന്നത് കേൾക്കുമ്പോൾ (അതായത് അല്ലാഹുവിന്റെ ദൂതൻ ഖലീഫത്തുല്ലാഹ്) വസ്തുത ഇതാണ്, അല്ലാഹു(ത) തന്നെയാണ്. (അദ്ദേഹത്തിലൂടെ) സംസാരിക്കുന്നത്. വിശ്വാസികൾക്ക് സന്തോഷവാർത്ത നല്കുന്നതും!

ഞാൻ നിങ്ങളോട് പറയുന്നു. അല്ലയോ വിശ്വാസി സമൂഹമേ! നന്മകൾ പ്രവർത്തിക്കുന്നവരെ! ഞാൻ നിങ്ങളോട് പറയുന്നു അല്ലാഹു(ത) തെരഞ്ഞെടുത്ത ഖലീഫ അതായത് ഖലീഫത്തുല്ലാഹ്! അത് അതിമഹത്തായ ഒരനുഗ്രഹം തന്നെയാണ്. ആയതിനാൽ നിങ്ങൾ അദ്ദേഹത്തോട് നല്ല നിലയിൽ വർത്തിക്കുക. കാരണം

അല്ലാഹു (ത)യാണ് അദ്ദേഹത്തിലൂടെ നിങ്ങളോട് സംസാരിക്കുന്നത്. നിങ്ങളിൽ അധികമാളുകളും ഈമാനിൽ ഉറച്ചു നില്ക്കുന്നിടത്തോളം കാലം നിങ്ങൾ നല്ല പ്രവർത്തികൾ തുടർന്നും ചെയ്തുകൊണ്ടിരിക്കുവോളം, അല്ലാഹു(ത) തുടർന്നും അവന്റെ ദൈവീക അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ ചൊരിഞ്ഞുകൊണ്ടിരിക്കും. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിനോട് നന്ദികേട് കാണിക്കരുത്. അവന്റെ ദൈവീക അനുഗ്രഹങ്ങളോടും നന്ദികേട് കാണിക്കരുത്. ദൈവീക വെളിപാടുകളെ നിന്ദാപൂർവ്വം നോക്കികാണരുത്. (വെളിപാടുകളോട് കളിക്കരുത്) ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യും ഹസ്രത് മസീഹ് മൗഊദ് (അ)യും വഫാത്തായി എന്നതു സത്യമാണ്. എന്നാൽ അവരുടെ പ്രകാശം അവരിലൂടെ നിയോഗിച്ച അല്ലാഹുവിന്റെ പ്രകാശം കെട്ടടങ്ങിയിട്ടില്ല; ഈ പ്രകാശം തുടർന്നും പ്രകാശിച്ചുകൊണ്ടിരിക്കും. അതു ലോകത്തിന്റെ മുക്കിലും മൂലയിലും പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കും. നേരായ പാതയിൽ അത് നിങ്ങളെ വഴി നടത്തും. അത് പുരുഷനായാലും ശരി സ്ത്രീ ആയാലും ശരി! ഈ ദൈവീക വിളക്കിന്റെ രശ്മികൾ അല്ലാഹുവിന്റെ ഖലീഫമാരിലൂടെ പ്രതിബിംബിക്കുന്നതാണ്. ആയതിനാൽ ഖലീഫത്തുല്ലാഹ്‌യെ ഒഴിവാക്കുന്നതിലൂടെ പ്രകാശവും യഥാർത്ഥ മാർഗദർശനവും അടഞ്ഞുപോകും.

അല്ലാഹുവിന്റെ വിളിക്കും അവന്റെ ഖലീഫയുടെ വിളിക്കും ചെവികൊടുക്കാതിരിക്കുന്നവരെ, നിദ്രയിലാണ്ടവരെ! നിങ്ങൾ ഉറക്കം അവസാനിപ്പിക്കുക; ചെവികൊടുത്തു കേൾക്കുക. വരു! അന്ധകാരത്തിൽ നിന്നും പുറത്തു വരൂ! സൂര്യൻ ഉദിച്ചു കഴിഞ്ഞു. ഇനി നിങ്ങൾ ഉറങ്ങരുത്! അല്ലാഹു(ത) നിങ്ങളോട് കരുണകാണിക്കട്ടെ! അവൻ നിങ്ങൾക്ക് ഈമാൻ നല്കട്ടെ! ആമീൻ, സുമ്മ ആമീൻ, യാറബ്ബൽ ആലമീൻ.



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*